പുതുതായി രൂപീകരിക്കപ്പെട്ട കോർപ്പറേഷനും മുനിസിപ്പാലിറ്റികളും

9(*278) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിക്കപ്പെട്ട കോർപ്പറേഷന്റെയും മുനിസിപ്പാലിറ്റികളുടെയും ഭരണ നിർവ്വഹണ സംവിധാനങ്ങൾ പൂർണ്ണതോതിൽ ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇത്തരം സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അധിക ജീവനക്കാരെ ആവശ്യമായി വരുമോ; എങ്കിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നിയമിയ്ക്കും എന്നറിയിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ മുന്നൊരുക്കം നടത്തുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) പുതുതായി രൂപീകരിക്കപ്പെട്ട കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ടി നഗരസഭകളിലെ ഭരണ സംവിധാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 17-11-2015-ലെ സ.ഉ.(സാധാ) നം.3371/15/തസ്വഭവ. പ്രകാരവും 5-12-2015-ലെ സ.ഉ.(സാധാ) നമ്പർ 3655/15/തസ്വഭവ. പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. തളിപ്പറമ്പ് മുനിസിപ്പാലിറ്റി വിഭജിച്ച് പുതുതായി രൂപീകരിക്കപ്പെട്ട ആന്തൂർ മുനിസിപ്പാലിറ്റിയുടെ ഭരണ സമിതിയായിക്കൂടി തളിപ്പറമ്പ് നഗരസഭാ ഭരണസമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ച 31-10-2015-ലെ സർക്കാർ ഉത്തരവ് (കൈ) നം. 331/15/തസ്വഭവ. പ്രകാരം സാധൂകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ മുൻകാലങ്ങളിൽ അനുവദിച്ചതു പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ നഗരസഭയ്ക്കും ഒരു കോടി രൂപ വീതം 2015-16 സാമ്പത്തിക വർഷത്തിൽത്തന്നെ അനുവദിക്കണമെന്ന നഗരകാര്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിശോധിച്ചു വരുന്നു.

(സി) പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലും നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അധിക ജീവനക്കാരെ ആവശ്യമായിവരും. അധിക ജീവനക്കാരെ നിയമിച്ചിട്ടില്ല. ആവശ്യമായ അധിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നഗരകാര്യ വകുപ്പ് ഡയറക്ടറുടെ ശിപാർശകൾ പരിശോധിച്ചു വരുന്നു.

(ഡി) ഉണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ 1-11-2015 മുതലുള്ള പ്രവർത്തനം സംബന്ധിച്ച് അധികമായി വരുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ ഒരു താൽക്കാലിക സംവിധാനമെന്നോണം നിലനിർത്തിക്കൊണ്ട് 31-10-2015 ലെ സ.ഉ. (കൈ) നമ്പർ 333/15/തസ്വഭവ. പ്രകാരവും (ഉത്തരവിന്റെ പകർപ്പ് അനുബന്ധം IV* ആയി ചേർത്തിരിക്കുന്നു.) 17-11-2015-ലെ സ.ഉ.(സാധാ)നമ്പർ 3371/15/ തസ്വഭവ. പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം ആയി ചേർത്തിരിക്കുന്നു.) കൂടാതെ നഗരകാര്യ ഡയറക്ടർ 29-10-2015-ൽ പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ അത്യാവശ്യ ക്രമീകരണങ്ങൾ നടത്തുന്നത് സംബന്ധിച്ച് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കുടുംബശ്രീ സി.ഡി.എസുകൾക്ക് അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

10 (*279) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സി.ഡി.എസുകൾക്ക് നൽകിവരുന്ന അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് കുടിശ്ശിക എന്നത്തേക്ക് നൽകാൻ കഴിയുമെന്നും ആയതിലേയ്ക്ക് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly